## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7211 — 3.11. 2011 - ൽ മറുപടിക്ക്

### ഫോക്‌ലോർ ഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം.എ. വാഹീദ് : | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) ഫോക്‌ലോർ അക്കാഡമി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ; | എ) സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജില്ലകളിലും ഫോക്‌ലോർ കലാകാരൻമാരുടെ കൂട്ടായ്മ, പ്രാദേശിക/ അന്താരാഷ്ട്ര തലത്തിൽ ഫോക്ഫെസ്റ്റിവൽ സംഘടിപ്പിക്കുക, പുതു തലമുറയക്ക് നാടൻകലയെ ക്കുറിച്ച് അറിവും വിജ്ഞാനവും പകരുന്നതിന് നാടൻ കലകളുടെ സെമിനാറുകൾ പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടവ. |
| ബി) ഫോക്‌ലോർ ഗ്രാമങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എവിടെയെല്ലാം; | ബി) ഉണ്ട്. കണ്ണപ്പുരം നാടൻ കലാഗ്രാമം, പാലക്കാട് ചെമ്പൈ സംഗീത കോളേജിനോടനുബന്ധിച്ച് ക്ഷേത്രകല കൾക്കും വാദ്യകലകൾക്കുമായി പഠന ഗവേഷണ കേന്ദ്രം , കോട്ടയം ജില്ലയിലെ വെള്ളാവൂർ നാടൻ കലാഗ്രാമം. |
| സി) എല്ലാ സ്കൂളുകളിലും ഫോക്‌ലോർ ക്ലബ്ബുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; | സി) ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം എന്തെല്ലാമാണ്? | ഡി) | സ്കൂൾ /കോളേജ് തലത്തിൽ വിദ്യാർത്ഥികളിൽ നാടൻ കലകൾ സംബന്ധിച്ച് അറിവുണ്ടാക്കുന്നതിനും കലാരൂപങ്ങൾ ആസ്വദിക്കുന്നതിനും സൗകര്യം ചെയ്തു കൊടുക്കുക, ഫോക്‌ലോർ സംബന്ധമായ സെമിനാർ, ശിൽപ്പശാലകൾ നാടൻ കലാ അവതരണങ്ങൾ, ക്യാമ്പുകൾ, എന്നിവ സംഘടിപ്പിക്കുന്നതിന് സഹായിക്കുക എന്നിവയാണ് ഫോക്‌ലോർ ക്ലബ്ബുകളുടെ പ്രവർത്തനം. |

സെക്ഷൻ ഓഫീസർ